ഉത്തരം

(എ) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ 132- ഉം, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ 32- ഉം എൻസൈക്ലോപീഡിയയിൽ 78 -ഉം ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

(ബി)&(സി)പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നകാര്യം സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി)&(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ മാത്രമല്ല സാംസ്കാരിക വകുപ്പിന്റെ കീഴിൽ വരുന്ന പെൻഷൻപദ്ധതി നിലവിലില്ലാത്ത അക്കാദമികളിലെ ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് വളരെ വിശദമായി പരിശോധിച്ചുവരുന്നതിനാൽ സ്വാഭാവികമായി ഉണ്ടാകാവുന്ന കാലതാമസമാണ് ഇവിടെയും ഉണ്ടായിട്ടുള്ളത്.

35 (2726) കുമാരനാശാൻ സ്മാരകം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാകവി കുമാരനാശാൻ അന്ത്യവിശ്രമം കൊള്ളുന്ന പല്ലന കുമാര കോടിയുടെ വികസനത്തിനും മഹാകവിയുടെ സ്മരണ നിലനിർത്തുന്നതിനുമായി സാംസ്കാരിക വകുപ്പിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) സാഹിത്യ വിദ്യാർത്ഥികളെയും ഗവേഷകരേയും ടൂറിസ്റ്റുകളേയും പ്രസ്തുത സ്ഥലത്തേയ്ക്ക് ആകർഷിക്കുന്നതിനും ലൈബ്രറി സൗകര്യങ്ങൾ വികസിപ്പിക്കുന്നതുമുൾപ്പെടെയുള്ള പ്രവർത്തനം നടത്തുന്നതിനും സാംസ്കാരിക വകുപ്പ് എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാംസ്കാരികവകുപ്പിൽനിന്നും പന്ത്രണ്ടുലക്ഷം രൂപ മഹാകവി കുമാരനാശാൻ സാഹിത്യ- സാംസ്കാരിക ട്രസ്റ്റിന് (പല്ലന) ലൈബ്രറി സമുച്ചയം, കോൺഫറൻസ് ഹാൾ എന്നിവ നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിനുവേണ്ടിയുള്ള നിർദ്ദേശമൊന്നും സാംസ്കാരിക വകുപ്പിന്റെ പരിഗണനയിലില്ല.

36 (2727) കുഞ്ഞിരാമൻ നായർ സ്മാരകം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാകവി കുഞ്ഞിരാമൻ നായർ സ്മാരകത്തിന് ഈ സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയാണെന്നും എപ്പോഴാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly